**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4065** **15-07-2022 - ൽ മറുപടിയ്ക്ക്**

**വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമവികസന വകുപ്പിലെ വികസന പരിശീലന കേന്ദ്രങ്ങളിൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ലക്ചറർമാരായി നിയമിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കൊട്ടാരക്കര കില സെന്റർ ഫോർ സൊഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ് സെന്റർ,(വികസന പരിശീലന കേന്ദ്രം) ൽ ഒരു ലക്ചറർ ഇൻ റൂറൽ ഡെവലപ്മെന്റ് തസ്തികയിൽ Inter changeable ആയി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറെ നിയമിച്ചു വരുന്നുണ്ട്. |
| (ബി) | വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർമാർക്ക് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലേക്ക് മാറ്റം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരം വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർമാർക്ക് ബ്ലോക്ക് ഡവലപ്പ്മെന്റ് തസ്തികയിലേയ്ക്ക് തസ്തിക മാറ്റം അനുവദിച്ചിട്ടില്ല. |
| (സി) | സർക്കാർ ജീവനക്കാരായ, വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർമാരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് പ്രസ്തുത ജീവനക്കാരോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | 17.07.2020-ലെ സ.ഉ(കൈ) നം.106/2020/ ത.സ്വ.ഭ.വ പ്രകാരം നിലവിൽ കിലയുടെ ഭാഗമായ എല്ലാ ജീവനക്കാരെയും പൂർണ്ണമായും കിലയുടെ സ്റ്റാഫ് കേഡറിന്റെ ഭാഗമാക്കുവാനും കിലയുടേതല്ലാത്ത മുഴുവൻ സ്ഥാപനങ്ങളിലെ പോസ്റ്റുകളും ജീവനക്കാർ വിരമിക്കുന്നതനുസരിച്ച് കിലയ്ക്ക് വിട്ടു കൊടുക്കുവാനും സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |
| (ഡി) | ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയും, വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ തസ്തികയും മ്യൂച്ചൽ ട്രാൻസ്ഫർ സാധ്യമാകുന്ന തസ്തികകളാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ